# സാങ്കേതിക സർവകലാശാലയ്ക്കു കീഴിലാവുന്നത് 160 എൻജിനിയറിംഗ് കോളജുകൾ

## • പ്രവർത്തനം അടുത്ത അധ്യയനവർഷം മുതൽ

തിരുവനന്തപുരം: സംസ്ഥാനത്തു പുതുതായി രൂപീകരിക്കുന്ന സാങ്കേതിക സർവകലാശാലയ്ക്കു കീഴിലാവുന്നത് 160 എൻജിനിയറിംഗ് കോളജുകൾ. അടുത്ത അധ്യയനവർഷം മുതൽ ഈ കോളജുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്കു സാങ്കേതിക സർവകലാശാലയിൽനിന്നുള്ള സർട്ടിഫിക്കറ്റുകളായിരിക്കും ലഭിക്കുക. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥികൾക്ക് നിലവിൽ അവരുടെ കോളജുകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർവകലാശാലകളിൽനിന്നുതന്നെയാവും തുടർനടപടികൾ ഉണ്ടാവുക.

സാങ്കേതിക സർവകലാശാലയിൽ എൻജിനിയറിംഗ് കോളജുകളുടെ അഫിലിയേഷൻ നടപടികൾ ഈ മാസം ആരംഭിക്കും. അടുത്തയാഴ്ച മുതൽ കോളജുകൾ ഓൺലൈൻ ആയി അപേക്ഷ സാങ്കേതിക സർവകലാശാലയിൽ സമർപ്പിക്കണം.

ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (എഐസിടിഇ) വ്യവസ്ഥകൾ പാലിച്ചായിരിക്കും കോളജുകൾക്ക് അഫിലിയേഷൻ നൽകുക. കോളജിന്റെ അംഗീകാരം, സൗകര്യങ്ങൾ, ഭൂമി സംബന്ധിച്ച വിവരങ്ങൾ, കുട്ടികളുടെ വിവരങ്ങൾ തുടങ്ങിയവ ഓൺലൈനായി അപ്‌ലോഡ് ചെയ്യണം. തുടർന്ന് സർവകലാശാല നിയമിക്കുന്ന വിദഗ്ധ സമിതി കോളജുകളിൽ പരിശോധന നടത്തി യോഗ്യതയുള്ളവയ്ക്ക് അഫിലിയേഷൻ നൽകും.

ബിടെക് കോഴ്സിനായി സർവകലാശാല തയാറാക്കിയ കരട് സ്കീം യോഗം ചർച്ച ചെയ്തു. കോഴ്സ് നടത്തിപ്പിനായി അക്കാദമിക് കലണ്ടറും സർവകലാശാല തയാറാക്കിയിട്ടുണ്ട്. പരീക്ഷ എഴുതാൻ വിദ്യാർഥികൾക്ക് 75 ശതമാനം ഹാജർ നിർബന്ധമായിരിക്കും. വിഷയാടിസ്ഥാനത്തിലായിരിക്കും ഹാജർ പരിഗണിക്കുക. 75 ശതമാനം ഹാജർ ഇല്ലാത്ത വിഷയങ്ങൾ വിദ്യാർഥി വീണ്ടും പഠിച്ച് അടുത്ത തവണ പരീക്ഷ എഴുതേണ്ടിവരും.

കഴിഞ്ഞദിവസം കോളജ് പ്രിൻസിപ്പൽമാരുടെ യോഗത്തിലാണ് ഈ തീരുമാനമുണ്ടായത്. യോഗത്തിൽ കോളജുകളെ പ്രതിനിധീകരിച്ച് പ്രിൻസിപ്പൽമാരും സീനിയർ അധ്യാപകരും പങ്കെടുത്തു. സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. കുഞ്ചെറിയ പി. ഐസക്, പ്രോ വൈസ് ചാൻസലർ ഡോ. എം. അബ്ദുറഹിമാൻ, അഡ്വൈസർ ഡോ. രാധാകൃഷ്ണൻ, രജിസ്ട്രാർ ഡോ. പദ്മകുമാർ തുടങ്ങിയവർ പങ്കെടുത്തു.



തമിഴ്നാട് മുൻ മുഖ്യമന്ത്രിയും ഡിഎംകെ അധ്യക്ഷനുമായ എം. ... എം.കെ. സ്റ്റാലിനെ പിറന്നാൾദിനത്തിൽ അനുഗ്രഹിക്കുന്നു.

Deepika
2/3/15

4.03.2015



# വിദ്യാഭ്യാസം

## ലാറ്ററൽ എൻട്രി ബിടെക് പ്രവേശനം

തിരുവനന്തപുരം ● എൻജിനീയറിങ് കോളജുകളിലെ രണ്ടാം വർഷ (മൂന്നാം സെമസ്റ്റർ) ബിടെക് ബിരുദ കോഴ്സിനു നേരിട്ടു പ്രവേശനം ലഭിക്കുന്നതിനു സംസ്ഥാന സർക്കാർ അംഗീകൃത മൂന്നു വർഷ ഡിപ്ലോമ കോഴ്സ് പാസായവരിൽ നിന്നും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ മൂന്നാം വർഷ ഡിപ്ലോമ പരീക്ഷ എഴുതുന്ന വിദ്യാർഥികളിൽ നിന്നും ലാറ്ററൽ എൻട്രി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാഫോമും പ്രോസ്പെക്ടസും www.tekerala.org/ www.dtekerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. അപേക്ഷ ഓൺലൈനായി ആറു മുതൽ 25 വരെ സമർപ്പിക്കാം. ഡൗൺലോഡ് ചെയ്ത അപേക്ഷയും മറ്റ് അനുബന്ധ രേഖകളും 31നു വൈകിട്ട് അഞ്ചു മണിക്കു മുൻപായി തിരുവനന്തപുരം കൈമനത്ത് സ്ഥിതി ചെയ്യുന്ന സാങ്കേതിക പരീക്ഷാ കൺട്രോളർ ഓഫിസിൽ സമർപ്പിക്കണം.

പ്രവേശന പരീക്ഷ 30നു രാവിലെ 10 മുതൽ 12 വരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൊടുപുഴ, തൃശൂർ, പാലക്കാട്, തിരൂർ, മലപ്പുറം, കോഴിക്കോട്, സുൽത്താൻ ബത്തേരി, കണ്ണൂർ, കാസർകോട് എന്നീ സെന്ററുകളിൽ നടത്തും.

## മികച്ച അ... മാരിടൈ...

● ഓൺലൈൻ അ... ഏപ്രിൽ ആറുവരെ

ബി.എസ്. വാരിയർ

ഉയർന്ന ശമ്പളത്തോടെ വാണിജ്യക്കപ്പലുകളിലെ കപ്പിത്താൻ/ചീഫ് എൻജിനീയർ പദവികൾ വരെ ചെന്നെത്തുന്നത് ഉൾപ്പെടെയുള്ള വിവിധ പ്രോഗ്രാമുകളിലെ പ്രവേശനത്തിനു ചെന്നൈ ആസ്ഥാനമായ ഇന്ത്യൻ മാരിടൈം സർവകലാശാല ഏപ്രിൽ ആറുവരെ അപേക്ഷ സ്വീകരിക്കും. Indian Maritime University, East Coast Road, Uthandi, Chennai - 600 119; Ph: 044 - 24530343, Web: www.imu.edu.in. മറൈൻ കോഴ്സ് പ്രവേശനത്തിനു നിർദിഷ്ട നിലവാരത്തിൽ കായികശേഷിയും കാഴ്ചശക്തിയും നിർബന്ധം. അംഗീകൃത ഡോക്ടർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് വേണം.

പ്രോഗ്രാമുകൾ

(എ) സ്കൂൾ ഓഫ് നോട്ടിക്കൽ സ്റ്റഡീസ്:

(1) ബിഎസ്‌സി നോട്ടിക്കൽ സയൻസിലേക്കു നയിക്കുന്ന ഒരു വർഷ ഡിപ്ലോമ (ഡിഎൻഎസ്). കൊച്ചി, ചെന്നൈ, മുംബൈ എന്നീ സ്ഥലങ്ങളിൽ. മാത്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് 60%, ഇംഗ്ലിഷിന് 50% ക്രമത്തിലെങ്കിലും മാർക്കുള്ള പ്ലസ് ടു. വാർഷിക ഫീസ് ആൺകുട്ടികൾക്കു 2,20,000 രൂപ, പെൺകുട്ടികൾക്ക് 1,40,500 രൂപ.

(2) ബിഎസ്‌സി നോട്ടിക്കൽ സ...

## എംബിബിഎസ്: ഏഴു സീറ്റുകളി...

തിരുവനന്തപുരം ● സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളജുകളിൽ ഒഴിവുണ്ടായിരുന്ന ഏഴ് എംബിബിഎസ് സീറ്റിലേക്കു സുപ്രീം കോടതി വിധിയനു സരിച്ചു പ്രവേശന പരീക്ഷാ കമ്മിഷണർ അലോട്മെന്റ് നടത്തി. ഇന്നലെ രാത്രി വൈകിയായിരുന്നു അലോട്മെന്റ്. ഗോകുലം മെഡിക്കൽ കോളജിൽ നാലും ജൂബി...

Deepika 10/3/15



# മാറിക പള്ളിയിൽ കപ്പൂച്ചിൻ മിഷൻ ധ്യാനം 15 മുതൽ

മാറിക: സെന്റ് ജോസഫ് ഫൊറോനാപള്ളിയിൽ കപ്പൂച്ചിൻ മിഷൻ ധ്യാനം 15 മുതൽ 21 വരെ നടക്കും. 15-ന് രാവിലെ ഏഴിന് വിശുദ്ധ കുർബാന. തുടർന്ന് പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് ധ്യാനം, വിശുദ്ധ കുർബാന. വൈകുന്നേരം അഞ്ചു മുതൽ രാത്രി ഒമ്പതു വരെ ധ്യാനം, വിശുദ്ധ കുർബാന 16 മുതൽ 19 വരെ രാവിലെ 6.30 മുതൽ 11.30 വരെ ഭവന സന്ദർശനം. വൈകുന്നേരം അഞ്ചുമുതൽ ധ്യാനം, വിശുദ്ധ കുർബാന.

18-ന് ഉച്ചകഴിഞ്ഞ് മൂന്നു മുതൽ ആരാധന, കുമ്പസാരം. 19-ന് കൂട്ടായ്മ ദിനം. 20-ന് രാവിലെ 6.30-ന് സെമിത്തേരി സന്ദർശനം, വിശുദ്ധ കുർബാന, സെമിത്തേരി വെഞ്ചരിപ്പ്. രാവിലെ 10.30-മുതൽ 1.30 വരെ യുവജനങ്ങൾക്ക് ധ്യാനം. ഉച്ചകഴിഞ്ഞ് രണ്ടിന് പരിഹാര പ്രദക്ഷിണം. 21-ന് രാവിലെ 6.30-ന് വിശുദ്ധ കുർബാന, ദമ്പതികളുടെ വിവാഹ വാഗ്ദാന നവീകരണം, ആരാധന, ധ്യാന സമാപനം എന്നിവയാണ് പരിപാടികളെന്ന് വികാരി റവ. ഡോ. ജോസഫ് പൊത്തനാമുഴി, അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് മുട്ടത്തുവാളായിൽ എന്നിവർ അറിയിച്ചു.

# വിശ്വജ്യോതിയിൽ കാമ്പസ് റിക്രൂട്ട്മെന്റ് 12ന്

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ എംബിഎ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ എച്ച്സിഎൽ കമ്പനിയുടെ ഫിനാൻഷ്യൽ അനലിസ്റ്റ് തസ്തികയിലേക്ക് 12ന് കാമ്പസ് റിക്രൂട്ട്മെന്റ് നടത്തും. യോഗ്യത എംബിഎ (ഫിനാൻസ്), എംകോം, എംഎ ഇക്കണോമിക്സ് (2013,14), ബികോം, ബിബിഎ, ബിബിഎം, ബിഎ ഇക്കണോമിക്സ്(2013,14,15). റിക്രൂട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫോട്ടോയും മറ്റു രേഖകളുടെ മൂന്നു പകർപ്പുകൾ സഹിതം രാവിലെ ഒമ്പതിന് കോളജിൽ റിപ്പോർട്ട് ചെയ്യണം. ഫോൺ: 9847111394.

# റേഷൻ കാർഡ്: ഫോട്ടോയെടുക്കാൻ വീണ്ടും അവസരം

കോതമംഗലം: റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ നടത്തിയ ഫോട്ടോ എടുക്കൽ ക്യാമ്പുകളിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് 12-നും 13-നും വീണ്ടും അവസരം. കുട്ടമ്പുഴ പഞ്ചായത്ത് പരിധിയിൽ വരുന്ന കാർഡുടമകൾക്കായി 12-ന് പഞ്ചായത്ത് ഹാളിലും, താലൂക്കിലെ മറ്റ് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുള്ളവർക്കുവേണ്ടി 13-ന് സെന്റ് ജോർജ് പാരിഷ് ഹാളിലുമാണ് ക്യാമ്പുകൾ. രാവിലെ ഒമ്പതുമുതൽ വൈകുന്നേരം അഞ്ചുവരെ കുടുംബത്തിലെ മുതിർന്ന വനിത ഇല്ലെങ്കിൽ പുരുഷൻ തിരിച്ചറിയൽ / ആധാർ രേഖയുടെ അസൽ സഹിതം ഹാജരാകണമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

# ശബരിപ... മൂവാറ്റ...

മൂവാറ്റുപുഴ: ശബരി പാതയ്ക്ക് ബജറ്റിൽ അഞ്ചുകോടി രൂപ മാത്രം വകയിരുത്തി പദ്ധതിയെ അവഹേളിച്ച കേന്ദ്രസർക്കാർ നടപടിക്കെതിരെ ഇന്ന് വൈകുന്നേരം അഞ്ചിന് മൂവാറ്റുപുഴയിൽ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കും. കഴിഞ്ഞ ഏഴു വർഷത്തിനിടയിൽ കേന്ദ്രസർക്കാർ അവതരിപ്പിച്ച റെയിൽവേ ബജറ്റുകളിൽ ഏറ്റവും കുറഞ്ഞ തുകയാണ് ഇത്തവണ വകയിരുത്തിയിട്ടുള്ളത്.

2008-ൽ 84 കോടി രൂപ ബജറ്റിൽ അനുവദിക്കുകയും പദ്ധതിയുടെ നിർമാണം ആരംഭിക്കുകയും ചെയ്തു.

അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ പാതയുടെ നിർമാണവും കാലടി റെയിൽവേ സ്റ്റേഷന്റെ നിർമാണവും അവസാനഘട്ടത്തിലാണ്. പെരിയാറിനു കുറുകെയുള്ള പാലത്തിന്റെ നിർമാണവും നടന്നുവരുന്നു.

ഇതുവരെ പൂർത്തിയാക്കിയ ജോലികൾക്കുമാത്രമായി 20 കോടി രൂപയോളം കരാറുകാർക്ക് നൽകുവാനുണ്ട്. കാലടിമുതൽ പെരുമ്പാവൂർ വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതുള്ള നടപടി ക്രമങ്ങൾ റവന്യൂ ഡിപ്പാർട്ടുമെന്റ് പൂർത്തീകരിച്ചെങ്കിലും സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരതുക നൽകി സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

ഇതിന് 84 കോടി രൂപയോളം വേണ്ടിവരും. പെരുമ്പാവൂർ വരെ

# കുടുംബപ്രശ്നങ്ങൾക്കു കാരണം വിശ്വാസ... മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: ദൈവവിശ്വാസത്തിൽ സംഭവിക്കുന്ന കുറവ് കുടുംബപ്രശ്നങ്ങൾക്കു കാരണമാകുന്നുവെന്ന് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. ഒക്ടോബറിൽ റോമിൽ നടക്കുന്ന സിനഡിനു മുന്നോടിയായി പാലാ രൂപത സംഘടിപ്പിച്ച പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

ഈ കാലഘട്ടത്തിന്റെ മാറ്റങ്ങളെ



Mangalam 12.02.2015 Thursday



## വിശ്വജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് ഇന്ന്

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ എം.ബി.എ. ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് ഇന്ന് നടക്കും. എച്ച്.സി.എൽ. കമ്പനിയുടെ ഫിനാൻഷ്യൽ അനലിസ്റ്റ് തസ്തികയിലുള്ള ഒഴിവുകളിലേക്കാണ് കോളജിൽ നിന്നും ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കുന്നത്. എം.ബി.എ. (ഫിനാൻസ്), എം.കോം, എം.എ. ഇക്കണോമിക്സ് (2013–14 ബിരുദധാരികൾ), ബി.കോം., ബി.ബി.എ., ബി.ബി.എം., ബി.എ. ഇക്കണോമിക്സ് (2013–14,15 ബിരുദധാരികൾ) എന്നീ യോഗ്യതകളിലേതെങ്കിലും ഉള്ളവർക്ക് പങ്കെടുക്കാം. റിക്രൂട്ട്മെന്റിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫോട്ടോയുടെയും മറ്റ് രേഖകളുടെയും മൂന്ന് കോപ്പികൾ സഹിതം ഇന്ന് രാവിലെ 9 മണിക്ക് കോളജിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9847111394 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് കോളജ് ഡയറക്ടർ അറിയിച്ചു.

## വിവാഹപൂർവ കൗൺസലിങ്

മൂവാറ്റുപുഴ: എസ്.എൻ.ഡി.പി. യോഗം മൂവാറ്റുപുഴ യൂണിയന്റെ ആഭിമുഖ്യത്തിലുള്ള വിവാഹപൂർവ കൗൺസിലിങ്ങിന്റെ 32–ാമത് ബാച്ച് 14, 15 തീയതികളിൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9.30ന് എൻ.ജി. വിജയന്റെ അധ്യക്ഷതയിൽ യൂണിയൻ പ്രസിഡന്റ് വി.കെ. നാരായണൻ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി പി.എൻ. പ്രഭ സ്വാഗതം പറയും. വിവിധ വിഷയങ്ങളിൽ ബിജു പുളിക്കലേത്ത്, ഡോ. ടി.ഡി. വിശ്വനാഥൻ, ഡോ. സുരാജ് ബാബു, ഡോ. പ്രിൻസ് സ്ലീബ എന്നിവർ ക്ലാസെടുക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസീസ് പാണ്ട്യാരപ്പിള്ളി സർട്ടിഫിക്കറ്റ് വിതരണം ചെയ്യും.

## സൗജന്യ ഗ്ലോക്കോമ നിർണയ ക്യാമ്പ്

കോതമംഗലം: ഗ്ലോക്കോമ നിർണയിക്കുന്നതിനുള്ള സൗജന്യ പരിശോധനാ ക്യാമ്പ് 15 ന് രാവിലെ ഒമ്പത് മുതൽ ഉച്ചക്ക് ഒന്നുവരെ കോതമംഗലം ടി.വി.ജെ. കണ്ണാശുപത്രിയിൽ നടത്തും. പങ്കെടുക്കാൻ താത്പര്യമുള്ളവർ ...

## ആദിവാസി ഗ്രാമങ്ങളിലെ ആട...

# ആരോപണങ്ങ... കെട്ടിച്ചമച്ചത്

കോതമംഗലം: കുടുംബശ്രീ ജില്ലാ മിഷന്റെ ആടുഗ്രാമം പദ്ധതി കുട്ടമ്പുഴ പഞ്ചായത്തിൽ വിജയകരമായി നടപ്പാക്കുന്നത് അട്ടിമറിയ്ക്കാൻ ശ്രമിയ്ക്കുകയാണെന്ന് കുടുംബശ്രീ ഭാരവാഹികൾ അറിയിച്ചു.

പട്ടിക വർഗകുടുംബങ്ങളിലെ സ്ത്രീകളെ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കുന്നതാണ് ആടുഗ്രാമം പദ്ധതി.

ഇതിലേക്കുള്ള ആടുകളെ മൃഗസംരക്ഷണ വകുപ്പ് ... ഉറപ്പാക്കി ടാഗ് അടിച്ചാണ് എത്തിച്ചുകൊടുത്തിട്ടുള്ളത്.

വിവിധ ആദിവാസി കുടികളിലെ പതിനേഴ് ഗ്രൂപ്പുകളിലായി 170 ആടുകളെയാണ് വിതരണം ചെയ്തിട്ടുള്ളത്.

പദ്ധതി സ്വാഗതം ചെയ്യപ്പെടുകയും ആടുകൾ നന്നായി വളരുകയും ചെയ്യുമ്പോൾ ചിലർ പദ്ധതിയ്ക്കെതിരെ പ്രചരണം നടത്തുകയാണ്.



• നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിംഗ് കോളജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേഷന്റെ ഉദ്ഘാടനം കെൽ ജനറൽ മാനേജർ അബ്ദുൾ റഷീദ് നിർവഹിക്കുന്നു.

# ലോക വനിതാദിനം

കോതമംഗലം: വൈസ്മെൻ ക്ലബ് ഓഫ് നെല്ലിമറ്റം ഡയമണ്ട്സിന്റെ ആഭിമുഖ്യത്തിൽ ലോക വനിതാദിനം ആഘോഷിച്ചു. അഡ്വ. അനു ജിനു ഉദ്ഘാടനം നിർവഹിച്ചു. മെനറ്റ്സ് ക്ലബ് പ്രസിഡന്റ് ഉഷ ബിനോയി അധ്യക്ഷത വഹിച്ചു.
ക്ലബ് പ്രസിഡന്റ് ജോർജ് എടപ്പാറ, ടോമി ചെറുകാട്ട്, ജോഷി പോൾ, ബിനോയി പോൾ, ബേബിച്ചൻ നിധീരിക്കൽ, ലിസി ടോമി, മിനി രാജൻ, സോളി ഷാജി, ഷീല സാജു എന്നിവർ പ്രസംഗിച്ചു.

# കോതമംഗലം കൺ... ഭക്തി നിർഭരമായ

കോതമംഗലം: മാർത്തോമാ ചെറിയ പള്ളി അങ്കണത്തിൽ യാക്കോബായ സിറിയൻ ക്രിസ്ത്യൻ കൺവൻഷന് ആരംഭമായി. ശ്രേഷ്ഠ ബാവ ... പാത്രിയർക്കീസ് ബാവ ... കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്ത വിശുദ്ധ കുർബാന അർപ്പിച്ചു. ഫാ. ... റോയി കട്ടച്ചിറ ... നൽകി. ഇന്ന് ഫാ. ബെന്നി ...



■ കോതമംഗലം മാർതോമ ചെറിയ പള്ളിയിൽ നടന്നുവരുന്ന ബൈബിൾ കൺവൻഷനിൽ കുര്യാക്കോസ് മോർ യൗസേബിയോസ് അനുഗ്രഹ പ്രഭാഷണം നടത്തുന്നു.


# വൈദ്യുതി പോസ്റ്റ് ഇടിച്ചു തകർത്തു; ലോറി നിർത്താതെ പോയി

മൂവാറ്റുപുഴ: ന്യൂബസാർ റോഡിൽ കീഴ്ക്കാവിൽ പാലത്തിനു സമീപം ബുധനാഴ്ച രാത്രി 11 നു നിയന്ത്രണം വിട്ട ലോറി വൈദ്യുതി പോസ്റ്റും മറ്റും ഇടിച്ചു തകർത്ത് നിർത്താതെ പോയി. നഗരത്തിൽ വൈദ്യുതി ബന്ധം തടസ്സമായി.

കോതമംഗലത്തു നിന്നും മൂവാറ്റുപുഴയ്ക്ക് വരികയായിരുന്ന ലോറി പോസ്റ്റ് ഇടിച്ചു തെറിപ്പിച്ചശേഷം തൊട്ടടുത്ത് നിന്നിരുന്ന ടെലികോം കമ്പനിയുടെ പോസ്റ്റും തകർത്തു. ഇതോടെ ലൈൻ പൊട്ടി റോഡിൽ വീഴുകയായിരുന്നു.

ലൈൻ പൊട്ടി റോഡിൽ വീണതോടെ നഗരത്തിലെ ന്യൂബസാർ, വെള്ളൂർക്കുന്നം ഭാഗങ്ങളിൽ വൈദ്യുതി നിലച്ചു. തുടർന്ന് വ്യാഴാഴ്ച ഉച്ചയോടെ പുതിയ പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചു. വാഹനാപകടത്തെ തുടർന്ന് നഗരത്തിൽ വൈദ്യുതി ബന്ധം തടസ്സമാകുന്നത് പതിവായിട്ടുണ്ട്. കഴിഞ്ഞ ആഴ്ചകളിലും സമാന സംഭവങ്ങൾ അരങ്ങേറിയിരുന്നു.

■ ലോറി ഇടിച്ചു തകർന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചപ്പോൾ. ഇവിടെ ഉണ്ടായിരുന്ന ടെലിഫോൺ പോസ്റ്റാണ് വളഞ്ഞു വീഴുന്നത്.



## കാമ്പസ് റിക്രൂട്ട്മെന്റ്

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ടെക് മഹീന്ദ്ര 10ന് നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ 55 കുട്ടികൾക്ക് ജോലി ലഭിച്ചു. കോളജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന റിക്രൂട്ട്മെന്റിൽ 2015-ൽ പാസാകുന്ന ബി.ടെക്, എം.സി.എ. കുട്ടികളാണ് പങ്കെടുത്തത്.

## സിനിമ ഇന്ന്

■ കോലഞ്ചേരി
അന്ന ഡിജിറ്റൽ ഐ-(3)
■ കോതമംഗലം
ജവഹർ: ടി (4)
ആൻ: മറിയംമുക്ക് (4)
ഇ.വി.എം.: രസം (4)
താരാ: പിക്കറ്റ് 43 (4)
■ മൂവാറ്റുപുഴ
ഐസക്സ്: രസം (3), ടി (11)
ലത: മിലി (4)
ലത: മറിയംമുക്ക് (4)
വെള്ളമറ്റിൽ: പിക്കറ്റ് 43 (4)
■ പിറവം
ദർശന: ഐ (3)
■ പെരുമ്പാവൂർ കില്ലാഡി (തമിഴ്) (4 ഷോ)
ഇ.വി.എം. സ്റ്റുഡിയോ 1: മറിയംമുക്ക് (4)
ഇ.വി.എം. സ്റ്റുഡിയോ 2: പിക്കറ്റ് 43 (6,9), മറിയംമുക്ക് (11,2)
ആശിർവാദ്: ആനേകൻ (നൂൺ ഷോ), 2, 6, 9 മണി (തമിഴ്)
■ പട്ടിമറ്റം
ജിജോ: ആൻഷൻ ജാക്സൺ (3)
■ കുന്നത്തുനാട് സിനിമ:
വി സിനിമ സ്ക്രീൻ 1: മറിയംമുക്ക് (4)
വി സിനിമ സ്ക്രീൻ 2: ടി (4)

## ഊഞ്ഞാപ്പാറ ഗ്രാമദീപം പുരുഷ സഹായസംഘം ദശവത്സരാഘോഷം

കോതമംഗലം: ഊഞ്ഞാപ്പാറ ഗ്രാമദീപം പുരുഷ സഹായസംഘത്തിന്റെ ദശവത്സരാഘോഷവും ടി.വി.ജെ. സഹായധനത്തോടെ സംഘടിപ്പിച്ച നേതൃപരിശീലനവും കീരംപാറ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് കെ.വി. ശശി അധ്യക്ഷത വഹിച്ചു. ജോസ് വർഗീസ്, സി.പി. ജയകുമാർ, പഞ്ചായത്ത് ജി. എൽദോസ്, ഷൈബി എൽദോസ്, ദശവർഷ കോർഡിനേറ്റർ കെ.ടി. കുര്യാക്കോസ്, വി.റി. കൃഷി ഓഫീസർ ജാസ്മിൻ തോമസ്, സി.ഡി.എസ്. ചെയർപേഴ്സൺ ബിജോ, പി.എസ്. വിനു എന്നിവർ പ്രസംഗിച്ചു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

മൂവാറ്റുപുഴ: കല്ലൂർക്കാട് യംഗ്മെൻസ് ക്ലബിന്റെ സൗജന്യ മെഡിക്കൽ ക്യാമ്പ് നാളെ രാവിലെ മുതൽ ക്ലബ് ഹാളിൽ നടക്കും.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടോമി ജോസ് ഉദ്ഘാടനം ചെയ്യും. രോഗികൾക്ക് രക്തത്തിലെ കൊഴുപ്പ്, പ്രമേഹം സൗജന്യമായി പരിശോധിക്കും. തെരഞ്ഞെടുക്കുന്നവർക്ക് ഹോട്ടിൻ സപ്ലിമെൻസ് സൗജന്യമായി നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു.

13/3/15
Mangalam

## വിശ്വജ്യോതി കോളജിൽ ബാർക്ക് ഓൺലൈൻ പരീക്ഷ

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ബാബാ ആറ്റോമിക് ആൻഡ് റിസർച്ച് സെന്റർ സയന്റിസ്റ്റ് തസ്തികകളിലേക്ക് നടത്തുന്ന ഓൺലൈൻ പരീക്ഷ 14, 15, 21, 22 തീയതികളിൽ നടക്കും. പരീക്ഷയിൽ 3400-ഓളം കുട്ടികൾ പങ്കെടുക്കും. ബാർക്ക് കേരളത്തിൽ ആകെ അനുവദിച്ചിരിക്കുന്ന രണ്ടു സെന്ററുകളിലൊന്നാണ് വിശ്വജ്യോതി.

14.03.2015 Deepika


## വിശ്വജ്യോതി കോളജിൽ ബാർക്ക് ഓൺലൈൻ പരീക്ഷ

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ബാബാ ആറ്റോമിക് ആൻഡ് റിസർച്ച് സെന്റർ സയന്റിസ്റ്റ് തസ്തികകളിലേക്ക് നടത്തുന്ന ഓൺലൈൻ പരീക്ഷ 14, 15, 21, 22 തീയതികളിൽ നടക്കും. പരീക്ഷയിൽ 3400-ഓളം കുട്ടികൾ പങ്കെടുക്കും. ബാർക്ക് കേരളത്തിൽ ആകെ അനുവദിച്ചിരിക്കുന്ന രണ്ടു സെന്ററുകളിലൊന്നാണ് വിശ്വജ്യോതി.

## ...ualities he did not display in good measure

...torians ...ain, ex- ...ion was ...stances ...act that ...become ...tuation, ...ne any ...heir ar- ...gument ...what is ...Contin- ...Sunney ...of Man- ...ge for ...nan Re- ...t, says, ...pproach- ...ed Fiel- ... his ...based on ...l human ...gent on

circumstances. Situations engineer a leader's response. The Fielder Contingency Model does account for a considerable part of a leader's performance, yet it's also true that a good leader engineers situations to his advantage." An employee or a potential candidate displays sterling leadership qualities when he rises above unfavourable circumstances and effects a positive outcome.

Other lessons shining through a study of Chamberlain and his foreign policy are the importance of foresight and the ability to see through people. A great leader foresees trouble and warns others of it. He is not only adept at reading the times he lives in, but also the people he engages with. He has an knack for spotting motives, expediency and deception, which is essential at the negotiation table. Chamberlain did not seem to understand the mind of Hitler, which was focussed on achieving unparalleled dominion. Prof. Tharappan says, "In his analysis of leadership skills in the book *Leadership In Organisations*, Gary Yukl lists technical, conceptual and human relations skills. A leader has to possess more of human relations or people's skills." Chamberlain would have probably fared better if he had known appeasement never stops a bully who is out to dominate others.



*Neville Chamberlain (left) with Herr Von Ribbentrop, German Foreign Minister, who greeted him on arrival at Munich. He later met Adolf Hitler.* PHOTO: THE HINDU ARCHIVES


Kristu Jayanti College
AUTONOMOUS Bengaluru
Accredited 'A' Grade by NAAC | Affiliated to Bangalore University
K. Narayanapura, Hennur Main Road, Kothanur P.O., Bangalore - 560 077
Karnataka, India. Tel : 080 - 28465611 / 28465353 / 28465770 Fax : 080 - 28465161.
E-mail: career@kristujayanti.com. | www.kristujayanti.edu.in
Requires Professors / Asst. Professors in
| Management | Computer Science | Commerce
| Economics | Mass Communication | Journalism
| Social Work | English | Psychology
System Administrator | Office Assistant
Qualification: As per University / AICTE norms
Apply within 7 days from the date of this publication to "The Principal" in the above address or send the resume to the mail id given above.

SANDUR RESIDENTIAL SCHOOL
A member of the Indian Public Schools Conference
ICSE Syllabus up to Std. 10 & State syllabus for PUC
Requires Experienced TEACHERS for the following
1. Primary School – Suitably Qualified

WANTED
PROFESSORS with Ph.D.
in CIVIL, ELECTRICAL, COMPUTER SCIENCE, ELECTRONICS, & INFORMATION TECHNOLOGY
PROFESSOR as HOD-MBA DEPT.
ASST. PROFESSORS - MBA FINANCE
AICTE PAY SCALES - HIGHER START FOR EXPERIENCED HANDS
Apply within 15 days to Chairman, Staff Selection Committee
Viswajyothi College of Engineering & Technology
Vazhakulam P O, Muvattupuzha, Kerala – 686 670
0485 – 2262211, 2262244, 2262255.
e-mail : vjcet@vjcet.org, Website : www.vjcet.ac.in
DIRECTOR

PROVIDENCE
COLLEGE OF ENGINEERING
Applications are invited for immediate appointments for the


The Hindu Wednesday March 18, 2015

# ower

N RESOURCES DEVELOPMENT | JOBS | INFORMATION TECHNOLOGY

CLES, VISIT www.thehindu.com/jobs

# hallmarks of a great leader

## alities he did not display in good measure

orians
n, ex-
on was
ances,
t that
ecome
ation,
e any-
eir ar-
ument
what is
Contin-
Sunney
f Man-
e for
an Re-
, says,
proach-
ed Fiel-
his
ased on
human
gent on

circumstances. Situations engineer a leader's response. The Fielder Contingency Model does account for a considerable part of a leader's performance, yet it's also true that a good leader engineers situations to his advantage." An employee or a potential candidate displays sterling leadership qualities when he rises above unfavourable circumstances and effects a positive outcome.

Other lessons shining through a study of Chamberlain and his foreign policy are the importance of foresight and the ability to see through people. A great leader foresees trouble and warns others of it. He is not only adept at reading the times he lives in, but also the people he engages with. He has an knack for spotting motives, expediency and deception, which is essential at the negotiation table. Chamberlain did not seem to understand the mind of Hilter, which was focussed on achieving unparalleled dominion. Prof. Tharappan says, "In his analysis of leadership skills in the book *Leadership In Organisations*, Gary Yukl lists technical, conceptual and human relations skills. A leader has to possess more of human relations or people's skills." Chamberlain would have probably fared better if he had known appeasement never stops a bully who is out to dominate others.



*Neville Chamberlain (left) with Herr Von Ribbentrop, German Foreign Minister, who greeted him on arrival at Munich. He later met Adolf Hitler.* PHOTO: THE HINDU ARCHIVES


Kristu Jayanti College
AUTONOMOUS Bengaluru
Accredited 'A' Grade by NAAC | Affiliated to Bangalore University
K. Narayanapura, Hennur Main Road, Kothanur P.O., Bangalore - 560 077
Karnataka, India. Tel : 080 - 28465611 / 28465353 / 28465770 Fax : 080 - 28465161
E-mail: career@kristujayanti.com | www.kristujayanti.edu.in

**Requires Professors / Asst. Professors in**

| Management | Computer Science | Commerce
| Economics | Mass Communication | Journalism
| Social Work | English | Psychology

System Administrator | Office Assistant

Qualification: As per University / AICTE norms

Apply within 7 days from the date of this publication to "The Principal" in the above address or send the resume to the mail id given above.

**WANTED**
**PROFESSORS with Ph.D.**
In CIVIL, ELECTRICAL, COMPUTER SCIENCE, ELECTRONICS, & INFORMATION TECHNOLOG
**PROFESSOR as HOD-MBA DEPT.**
**ASST. PROFESSORS - MBA FINANCE**
AICTE PAY SCALES - HIGHER START FOR EXPERIENCED HA
Apply within 15 days to Chairman, Staff Selection Commit
Viswajyothi College of Engineering & Technology
Vazhakulam P O, Muvattupuzha, Kerala – 686 670
0485 – 2262211, 2262244, 2262255.
e-mail : vjcet@vjcet.org. Website : www.vjcet.ac.in

**SANDUR RESIDENTIAL SCHOOL**
A member of the Indian Public Schools Conference
ICSE Syllabus up to Std. 10 & State syllabus for PUC
**Requires Experienced TEACHERS for the following**
1. Primary School – Suitably Qualified

PROVIDENC
COLLEGE OF ENGINEERIN
Applications are invited for immediate appointments


OD
3B
cruise
r's
want
want

plexes,
mplex
on
hnology,

# പട്ടികവർഗ

# ...വൺ പ്രവേശനം

...ള ഈ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ...പെൺകുട്ടികൾക്കും അപേക്ഷിക്കാം. സ്കൂൾ ...വിയുടെ കത്ത്, ഫോട്ടോ, ജാതി, ജനന സർ...ട്ടുകളുടെ പകർപ്പുകൾ, സ്പോർട്സ് മെരി...ട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സ...20ന് രാവിലെ പത്തിന് എറണാകുളം മഹാ...സ് കോളജ് ഗ്രൗണ്ടിൽ എത്തിച്ചേരണം. വി...ര ചെലവുകൾ സർക്കാർ വഹിക്കും. വിവ...ൺ: 2814957.



■ മാറ്റൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ പൂർവ വിദ്യാർഥിസംഗമവും മുൻ അധ്യാപകരെ ആദരിക്കലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അനീസ് പാണ്ട്യാരപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു



# മൂവാറ്റുപുഴയിൽ സംരംഭകത്വ സെമിനാർ

മൂവാറ്റുപുഴ: സംസ്ഥാന വ്യവസായ വകുപ്പും ഗ്രാമീണ ഐ.ടി. പാർക്കായ ടെക്നോ ലോഡ്ജും അഗ്രോ പാർക്കും സംയുക്തമായി സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് കോൺക്ലേവ് മൂവാറ്റുപുഴയിൽ നടന്നു. ജോസഫ് വാഴയ്ക്കൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

മുനിസിപ്പൽ ചെയർമാൻ യു.ആർ. ബാബു അധ്യക്ഷത വഹിച്ചു. പ്രദർശനത്തിന്റെ ഉദ്ഘാടനം അനീസ് പാണ്ട്യാരപ്പിള്ളി നിർവഹിച്ചു. വിവിധ സ്റ്റാർട്ടപ്പ് കമ്പനികൾക്കുള്ള അവാർഡുകൾ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ആർ.എസ്. പ്രദീപ്കുമാർ വിതരണം നടത്തി.

വിവരസാങ്കേതികവിദ്യ-കാർഷിക-ഭക്ഷ്യ സംസ്കരണ രംഗത്തുള്ള 32 കമ്പനികളുടെ പ്രദർശനവും നടന്നു. മൂവാറ്റുപുഴ കേന്ദ്രീകരിച്ച് സ്റ്റാർട്ടപ്പ് ഹബ്ബ് രൂപീകരിക്കുന്നതിനും ഈ ഹബ്ബിലൂടെ പുതിയ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശ്രമിക്കുമെന്നും സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ഏകജാലക സംവിധാനത്തിലൂടെ ലൈസൻസുകൾ നൽകുന്നതിനുള്ള നടപടികൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും ജോസഫ് വാഴയ്ക്കൻ എം.എൽ.എ. പറഞ്ഞു.

ഫുഡ്സേഫ്റ്റി ഓഫീസർ കെ.ജെ. ജോസഫ്, കെ.എസ്.ടി. നോഡൽ ഓഫീസർ കല എന്നിവർ ക്ലാസുകൾ നയിച്ചു. സ്റ്റാർട്ടപ്പ് കോൺക്ലേവിൽ 16 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു. വിവിധ കമ്പനികൾക്കായി 14 വാണിജ്യകരാറുകൾ ഒപ്പുവച്ചു. താലൂക്ക് വ്യവസായ ഓഫീസർ സെബാസ്റ്റ്യൻ, ടെക്നോലോഡ്ജ് മാനേജിംഗ് ഡയറക്ടർ റെജു നെടുംചേരി എന്നിവർ പ്രസംഗിച്ചു.

## കോതമംഗലത്തിന്റെ സ്വന്തം ഫ്ളാഷ്മോബ് വൈറലാകുന്നു

കോതമംഗലം: കേവലം 24 മണിക്കൂർ കൊണ്ട് നാട്ടിൻപുറത്തിന്റെ ഒരു ഫ്ളാഷ്മോബ് ഫെയ്സ്ബുക്കിൽ വൈറലായി. നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളജ് വിദ്യാർഥിനികൾ കോളജിലെ ടെക് ഫെസ്റ്റിന്റെ പ്രചാരണാർഥം നെല്ലിക്കുഴി കവലയിൽ നടത്തിയ ഫ്ളാഷ്മോബ് വെറുതെ ഒരു രസത്തിനാണ് ഫർണിച്ചർ വ്യാപാരിയായ അബു വട്ടപ്പാറ പകർത്തിയത്. പകർത്തിയ ഉടൻ അത് ഫെയ്സ്ബുക്കിൽ പോസ്റ്റും ചെയ്തു. പതിനായിരത്തിലേറെ പേർ കുറഞ്ഞ സമയം കൊണ്ട് ഇത് കണ്ടുകഴിഞ്ഞു. ഫെയ്സ്ബുക്കിൽ ഇത് അത്ര വലിയ സംഖ്യ അല്ലെങ്കിലും കേരളത്തിന്റെ നാട്ടിൻപുറത്ത് നടന്ന, സാധാരണക്കാരൻ പോസ്റ്റ് ചെയ്ത ഒരു വീഡിയോ ഇത്രപെട്ടെന്ന് വൈറലാകുന്നത് അപൂർവം. നൂറുകണക്കിന് പേർ ഇത് ഷെയർ ചെയ്തിട്ടുണ്ട്.

## കുന്നംകുളം കാൽനട തീർത്ഥയാത്ര

കോലഞ്ചേരി: കുന്നംകുളം ആർത്താറ്റ് സെന്റ് മേരീസ് സിംഹാസന പള്ളിയിലെ ...

# കാൻസർ കൂടുതലും ശ്വാസകോശങ്ങളിലും സ്തനങ്ങളിലും: ഡോ.വി.പി. ഗംഗാധരൻ

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിങ് കോളജിലെ ഇലക്ട്രോണിക്സ് കമ്യൂണിക്കേഷൻ എഞ്ചിനീയറിങ് ഡിപ്പാർട്ടുമെന്റ് സോഷ്യൽ അവയർനെസ് ക്ലബിന്റെ നേതൃത്വത്തിൽ നടന്ന സെമിനാർ കാൻസർ രോഗവിദഗ്ധൻ ഡോ. വി.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ വർധിച്ചുവരുന്ന കാൻസർ രോഗം പ്രധാനമായും പുരുഷന്മാരിൽ ശ്വാസകോശസംബന്ധമായതും സ്ത്രീകളിൽ സ്തനാർബുദ സംബന്ധമായതും ആണെന്ന് പഠനങ്ങൾ തെളിയിക്കുന്നതായി ഗംഗാധരൻ പറഞ്ഞു. പുരുഷന്മാരുടെ പുകവലിയും മറ്റു പുകയില ഉൽപന്നങ്ങളുടെ ഉപയോഗവുമാണ് ശ്വാസകോശസംബന്ധമായതും, വായ, കഴുത്ത് എന്നിവയുമായി ബന്ധപ്പെട്ട കാൻസറുകളുടെ കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത്.

ഭക്ഷണരീതികളിൽ വന്നിട്ടുള്ള വ്യതിയാനങ്ങളും വ്യായാമക്കുറവും ഹോർമോൺ ഇംബാലൻസ് മുഖാന്തരം വന്നിട്ടുള്ള ശാരീരിക മാറ്റങ്ങളും സ്ത്രീകളുടെ സ്തനാർബുദവുമായി ബന്ധപ്പെട്ടിരിക്കുന്നു. നേരത്തെ കണ്ടുപിടിക്കാൻ സാധിച്ചാൽ സ്തനാർബുദം 100 ശതമാനവും മറ്റുള്ളവ 70 ശതമാനവും ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കുന്നവയാണെന്ന് ഡോ. ഗംഗാധരൻ അഭിപ്രായപ്പെട്ടു.



■ വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളജിൽ നടന്ന സെമിനാർ കാൻസർ രോഗവിദഗ്ധൻ ഡോ. വി.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്യുന്നു

കോളജ് ഡയറക്ടർ റവ.ഡോ.ജോർജ് താനത്തുപറമ്പിൽ, പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, ഇലക്ട്രോണിക്സ് വിഭാഗം മേധാവി പ്രഫ. ജോസ് പി. വർഗീസ്, സോഷ്യൽ അവയർനെസ് ക്ലബ് സെക്രട്ടറി ജിന ജോർജ്, സ്റ്റാഫ് ഇൻ ചാർജ് നിജി മാത്യൂസ്, കാൻസർ രോഗ വിമുക്തനായ വിദ്യാർഥിനി ദിവ്യ മാത്യു എന്നിവർ പ്രസ്തുത സെമിനാറിൽ പങ്കെടുത്ത് ആശയങ്ങൾ പങ്കുവച്ചു.

30/3/2015 Friday
Mangalam

# അജാസ് ബദ്‌രിയുടെ ചികിത്സാ സഹാ...



## ...വന്നത്

## വിശ്വജ്യോതിയിൽ കാമ്പസ് റിക്രൂട്ട്മെന്റ്

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിങ് കോളജിൽ യു.എസ്.ടി. ടെക്‌നോളജീസ് നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ 55 കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചു. കോളജ് ഓഡിറ്റോറിയത്തിൽ നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ 2015-ൽ പാസാകുന്ന ബി.ടെക്, എം.സി.എ. വിദ്യാർഥികളാണ് പങ്കെടുത്തതെന്ന് കോളജ് ഡയറക്ടർ അറിയിച്ചു.

## നഗരസഭ ബജറ്റ് നാളെ

## ...കിൽ ഈ ജീവൻ രക്ഷിക്കാം


PEGASUS

Pegasus Asset...

No.12, 16th Avenue, ...

Flat No. 12/1, Haning...

email: sys@pegasus...

സ്ഥാവരസ്വത്ത് കൈവശപ്പെടുത്...

തീയതി: 25.03.2015

സ്ഥലം: എറണാകുളം


25.03.2015, Mangalam

Deepika
28/3/15







വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് ആർട്സ് ഫെസ്റ്റ് സംഗീതജ്ഞൻ ബാലഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു. കോളജ് മാനേജർ മോൺ ഫ്രാൻസിസ് ആലപ്പാട്ട്, പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, സ്റ്റാഫ് കോ-ഓർഡിനേറ്റർ, മെൽവിൻ സി. ജോസ്, ജോസ് കെ. ജോജൻ, കോളജ് ഡയറക്ടർ റവ. ഡോ. ജോർജ് താണത്തുപറമ്പിൽ, പ്രണവ് ജോയി എന്നിവർ സമീപം.

# ജല വിതരണം കാര്യക്ഷമമാക്കണം

പിറവം: പാമ്പാക്കുട പഞ്ചായത്തിലെ വെട്ടിമൂട് പമ്പ് ഹൗസിലെ കാലപ്പഴക്കമുള്ള മോട്ടോറുകൾ മാറ്റി സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കണമെന്ന് കോൺഗ്രസ് മൂന്നാം വാർഡ് സമ്മേളനം ആവശ്യപ്പെട്ടു. മോട്ടോറിന്റെ ശേഷിക്കുറവു മൂലം കമ്പ്പാറ, തണ്ടുംപുറം എന്നിവിടങ്ങളിലെ ടാങ്കുകളിലേക്ക് വെള്ളമെത്തുന്നില്ല. ബ്ലോക്ക് സെക്രട്ടറി റോയി ജോൺ യോഗം ഉദ്ഘാടനം ചെയ്തു. വാർഡ് പ്രസിഡന്റ് പോൾ മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രാജു കോത്പ്പാറ, മാത്യു താണത്തിൽ, വി.യു. എൽദോ, വർക്കി കടുക്കാട്, ജോസ് കുന്നുമ്മൽ, ലാലു പുന്നത്ര എന്നിവർ പ്രസംഗിച്ചു.

# പ്രതിയെ അറസ്റ്റ് ചെയ്യണം: യൂത്ത് കോൺഗ്രസ്

ഇലഞ്ഞി: വീട്ടുജോലിക്ക് നിന്നിരുന്ന ബംഗാളി യുവതിയെ പീഡിപ്പിച്ച കേസിലെ പ്രതിയായ വിദേശ വ്യവസായിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് യൂത്ത് കോൺഗ്രസ് പിറവം നിയോജകമണ്ഡലം കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. യുവതി പരാതി നൽകിയിട്ടും വ്യവസായിയെ രക്ഷിക്കാനുള്ള ശ്രമമാണ് പോലീസ് നടത്തുന്നത്. വിദേശത്തേക്ക് മുങ്ങിയിരിക്കുന്ന പ്രതിയെ എത്രയും വേഗം പിടികൂടണമെന്നും നിയോജകമണ്ഡലം പ്രസിഡന്റ് അരുൺ മാത്യു ആവശ്യപ്പെട്ടു. ഗർഭിണിയായ യുവതിയെ ഇപ്പോൾ ഇലഞ്ഞിക്കടുത്തുള്ള പുനരധിവാസ കേന്ദ്രത്തിലാണ് പോലീസ് താമസിപ്പിച്ചിരിക്കുന്നത്. കേസ് ഒതുക്കി തീർക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നും അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി. യൂത്ത് കോൺഗ്രസ് പാർലമെന്റ് സെക്രട്ടറി അരുൺ കല്ലറയ്ക്കൽ, എൽദോ പോൾ, ബെബിൻ ബേബി, ജിജോ ടി. ബേബി, സഞ്ജു മാണി, സുരേഷ് പി. ബേബി, അലൻ ബേബി, ബിനു പള്ളിമാലി, ജിനേഷ് മനീഷ്, ഡിക്സൺ മാത്യു എന്നിവർ പ്രസംഗിച്ചു.

# ഗർഭിണിയായ വീട്ടമ്മയെ കല്ലെറിഞ്ഞു പരിക്കേൽപ്പിച്ചതായി പരാതി

മൂവാറ്റുപുഴ: ഗർഭിണിയായ വീട്ടമ്മയെ കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ചതായി പരാതി. വാഴപ്പിള്ളി പുത്തൻപുരയ്ക്കൽ സബീറിന്റെ ഭാര്യ ബുഷറയെയാണ് അയൽവാസിയായ യുവതി കല്ലെറിഞ്ഞ് പരിക്കേൽപ്പിക്കുകയും അസഭ്യം പറയുകയും ചെയ്തതായി പരാതി ഉയർന്നിരിക്കുന്നത്. കഴിഞ്ഞ 24-ന് രാത്രി ഒമ്പതോടെയാണ് സംഭവം. സബീറിന്റെ പരാതിയെ തുടർന്ന് മൂവാറ്റുപുഴ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.



32 വർഷത്തെ സേവനത്തിനുശേഷം സർവീസിൽനിന്ന് വിരമിക്കുന്ന പുളിന്താനം ഗവൺമെന്റ് യുപി സ്കൂൾ അധ്യാപിക എം. ഷൈലജ.



കടവൂർ സഹകരണ ബാങ്ക് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട എ.ജെ. ജോൺ ആട്ടുകുഴിയിൽ (കോൺഗ്രസ്).

# ലൈസൻസ് പുതുക്കൽ

പിറവം: വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നിലവിലുള്ള പഞ്ചായത്ത് ലൈസൻസ് പുതുക്കുന്നതിനും, പുതിയത് എടുക്കുന്നതിനുമായി പ്രത്യേക ക്യാമ്പ് ഇന്നു രാവിലെ പത്തുമുതൽ മർച്ചന്റ്സ് അസോസിയേഷൻ ഓഫീസിൽ നടക്കുമെന്ന് പ്രസിഡന്റ് എ.ടി. പൗലോസ് മാങ്ങാമറ്റത്തിൽ അറിയിച്ചു.

# പച്ചക്കറി തൈവിതരണം

ഇലഞ്ഞി: കൃഷിഭവനിൽനിന്നും വേരുപിടിപ്പിച്ച പച്ചക്കറി തൈകൾ വിതരണം ചെയ്യും. ഇന്നു രാവിലെ പത്തുമുതൽ തൈകളുടെ വിതരണം ആരംഭിക്കുമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

# മൂവാ... വാ...

മൂവാറ്റുപുഴ: വ്യത്യസ്ത അപകടങ്ങളിൽ ആറുപേർക്ക് പരിക്കേറ്റു. കുത്താട്ടുകുളം, മൂവാറ്റുപുഴ എന്നിവിടങ്ങളിലായിരുന്നു അപകടം. എംസി റോഡിൽ പുതുപ്പള്ളിത്തൊട്ടിൽ ജംഗ്ഷനിൽ നിയന്ത്രണംവിട്ട കാർ മിനിലോറിയിലും ഓട്ടോയിലും ഇടിച്ചുണ്ടായ അപകടത്തിൽ കാർ യാത്രക്കാരായ കുടുംബത്തിലെ മൂന്നുപേർക്ക് പരിക്കേറ്റു. ഇലഞ്ഞി നിരവത്ത് ധരൻ(68), തമ്പി (60), സ... എന്നിവർക്കാണ് പരിക്ക്. ഇവരെ മൂവാറ്റുപുഴ നിർമല മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു.

കുത്താട്ടുകുളത്ത് അ... തായിലെത്തിയ ഓമ്നിവാൻ യാത്രക്കാരായ കുത്താട്ടുകുളം കോഴിപ്പാക്കിൽ ജിനി(...), ...ത്തുനാലിൽ പുത്തൻകുടി രവി(52), മംഗലത്തുതാഴെ നാൽ രമണി കുഞ്ഞപ്പൻ വർക്കുമാണ് പരിക്കേറ്റത്. കുത്താട്ടുകുളം ദേവമാതാ പള്ളിയിലും പ്രവേശിപ്പിച്ചു. ...റോഡിൽ ഇന്നലെ രാവിലെ 6.30 ഓടെ വാഴപ്പിള്ളി ജംഗ്ഷനിലായിരുന്നു അപകടം.

അപകടം പെരുമ്പാവൂർ ... മൂവാറ്റുപുഴ ഭാഗത്തേക്ക് ...യിരുന്ന കാർ എതിരെ ...



28/3/15 Sahmalay
Mangalam



## എംബിറ്റ്സിൽ ദ്വിദിന ശിൽപശാല

കോതമംഗലം: നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിങ് കോളജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെയും, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് രംഗത്തെ നൂതന സാധ്യതകളെപ്പറ്റി ദേശീയ ശിൽപശാല നടത്തി.

തൃക്കാക്കര മോഡൽ എൻജിനീയറിങ് കോളജ് പ്രിൻസിപ്പൽ ഡോ. വി.പി. ദേവസ്യ ഉദ്ഘാടനം നിർവഹിച്ചു.

എംബിറ്റ്സ് കോളജ് സെക്രട്ടറി ലാൽ വറുഗീസ്, ഡയറക്ടർ പ്രഫ. പി.എം. ജോർജ്, പ്രിൻസിപ്പൽ ഡോ. എം.എം. ഹസ്സലാർ, ഇലക്ട്രിക്കൽ വിഭാഗം മേധാവി പ്രഫ. ആലീസ്കുട്ടി ഫിലിപ്പ്, സ്റ്റാഫ് കോഡിനേറ്റർമാരായ അസി. പ്രഫ. തോമസ് ജോർജ്, റിനി വറുഗീസ് എന്നിവർ പ്രസംഗിച്ചു.

## തിരക്കഥയിൽ മൗലിക രചനകൾ പ്രധാനം: സാബു ചെറിയാൻ

കോതമംഗലം: സിനിമയിൽ മൗലിക രചനകളുടെ കുറവ് ചിത്രത്തിന്റെ ആസ്വാദകവൃന്ദത്തെ മാറ്റി നിറുത്തുന്നതായും, അതുവഴി സിനിമകളുടെ കളക്ഷനെ ബാധിക്കുന്നതായും കെ.എസ്.എഫ്.ഡി.സി. മുൻ ചെയർമാൻ സാബു ചെറിയാൻ.

കോതമംഗലം സുമംഗല ഫിലിം സൊസൈറ്റി നടത്തിയ ചലച്ചിത്ര പഠനക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിരക്കഥ രചനയിൽ ഗുണപരമായ മാറ്റമുണ്ടാക്കാൻ രചയിതാക്കൾക്കും, സംവിധായകർക്കും, നിർമാതാക്കൾക്കും കഴിയണമെന്നും ഇന്നത്തെ സാറ്റലൈറ്റ് വിതരണ സമ്പ്രദായം ഉടച്ചുവാർക്കണമെന്നും തട്ടിക്കൂട്ട് സിനിമ നിർമാതാക്കൾ ഈ രംഗത്തെ തകർക്കുമെന്നും സാബു ചെറിയാൻ അഭിപ്രായപ്പെട്ടു. ഷൈഡി സിനിമയുടെ സംവിധായകനായ കെ.എം. കമൽ ക്യാമ്പ് ഡയറക്ടറായിരുന്നു.

താൻ തന്റെ ഓരോ ലഘു ചിത്രങ്ങൾ എടുക്കുമ്പോഴും സിനിമാ രചനയുടെ പാഠങ്ങൾ പഠിക്കുകയായിരുന്നുവെന്ന് കഴിഞ്ഞ വർഷത്തെ ഏറ്റവും നല്ല മികച്ച മലയാളചിത്രമായി തെരഞ്ഞെടുക്കപ്പെട്ട ക്രൈം നം. 89 എന്ന ചിത്രത്തിന്റെ സംവിധായകൻ സുദേവൻ പറഞ്ഞു. സംവിധായകരായ എം.കെ. മുഹമ്മദ്കോയ, സതീഷ് പോൾ, റോയ് പിച്ചാട്ട് എന്നിവർ പ്രസംഗിച്ചു. എം.എച്ച്. തോമസ്, ജി.വി. താരപ്പൻ, പ്രൊ. ഷൺമുഖദാസ്, ക്യാമറാമാൻ ജെയിൻ ജോസഫ് എന്നിവർ രണ്ടു ദിവസങ്ങളിലായി ആസ്വാദനം, എഡിറ്റിംഗ്, ക്യാമറ തുടങ്ങി സിനിമയിലെ എല്ലാ വിഷയങ്ങളിലും അംഗങ്ങൾക്ക് ക്ലാസെടുത്തു.

## കേരള ക്ഷേത്രസംരക്ഷണ സമിതി താലൂക്ക് സമ്മേളനം

കോതമംഗലം: കേരള ക്ഷേത്രസംരക്ഷണ സമിതി താലൂക്ക് സമ്മേളനം നാളെ രാവിലെ 10 ന് അയ്യങ്കാവ് ശ്രീധർമശാസ്താ ക്ഷേത്രത്തിൽ നടത്തും. ജില്ലാ സെക്രട്ടറി നന്ദകുമാർ ഉദ്ഘാടനം ചെയ്യും. താലൂക്ക് പ്രസിഡന്റ് സി.എൻ. ബാബു അധ്യക്ഷത വഹിക്കും. അരുൺ ഗോപി, ആർ. സുഗതൻ, സി.വി. കുഞ്ഞുകുട്ടൻ, കെ.എ. ജയൻ, പി. ഗോപാലകൃഷ്ണൻ, മീനാക്ഷി അയ്യപ്പൻ, രേവതി മുരുകൻ എന്നിവർ പ്രസംഗിക്കും.

## പെൻഷനേഴ്സ് സമ്മേളനം ഇന്ന്

മൂവാറ്റുപുഴ: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ മൂവാറ്റുപുഴ ബ്ലോക്ക് സമ്മേളനം ഇന്നു രാവിലെ 10ന് മൂവാറ്റുപുഴ എൻ.എസ്.എസ്. എൽ.പി. സ്കൂളിൽ നടക്കും. ജില്ലാ പ്രസിഡന്റ് പ്രഫ. പി.വി. ഹരിദാസ് ഉദ്ഘാടനം ചെയ്യും. ജോസഫ് വാഴയ്ക്കൻ എം.എൽ.എ. സമ്മാനദാനം നടത്തും.

## സൗജന്യ രോഗ നിർണയ ക്യാമ്പ് ഇന്ന്

മൂവാറ്റുപുഴ: ആനിക്കാട് വെസ്റ്റ്ഹിൽ സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ന് ബ്ലഡ് ബാങ്ക് രൂപീകരണവും സൗജന്യ രോഗ നിർണയ ക്യാമ്പും സംഘടിപ്പിക്കും. ഉച്ചകഴിഞ്ഞ് 1.30മുതൽ വൈകിട്ട് 4.30 വരെ മുല്ലപ്പുഴച്ചാൽ കൈരളി സെന്ററിലാണ് ക്യാമ്പ് നടത്തുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു.

## കുടുംബസംഗമം

പോത്താനിക്കാട്: അഖില കേരള പണ്ഡിത മഹാസഭ പോത്താനിക്കാട് ശാഖയുടെ കുടുംബസംഗമം പണ്ഡിത മഹാസഭ സംസ്ഥാന സെക്രട്ടറി അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ശാഖാ പ്രസിഡന്റ് ടി.ഐ. സോമൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പി. എൻ. വേണു, പി.എൻ. തങ്കപ്പൻ, ടി.എസ്. രാജേഷ്, സുനിൽ ദേവരാജൻ, ഒ.സി. കൃഷ്ണൻ, ഒ.എൻ. കൃഷ്ണൻ എന്നിവർ സംസാരിച്ചു.

മൂവാറ്റുപുഴ: കേരള സാംബവ സൊസൈറ്റി കുടുംബസംഗമവും ഡോ. അംബേദ്കർ ചെറോണിച്ച് അവാർഡ് ജേതാവ് ടി.കെ. ചന്ദ്രൻ സ്വീകരണവും നാളെ രാവിലെ 10ന് പാറക്കാ...

#### പൈപ്പ് പൊട്ടിയിട്ട് ഒന്നരയാഴ്ച

## ...നയിൽ കുടിവെള്ളം മുട്ടി

ഇതോടെ ഊരമന, കൊടിമറ്റത്തിമല, കായനാട്, പാമ്പാക്കുട എന്നീ ഭാഗങ്ങളിൽ കുടിവെള്ള വിതരണം മുടങ്ങി. പൈപ്പ് നന്നാക്കുന്നതിനോ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനോ അധികൃതർ തയാറായിട്ടില്ല.

നൂറുകണക്കിന് കുടുംബങ്ങളാണ് ഈ കുടിവെള്ള സംഭരണത്തെ ആശ്രയിക്കുന്നത്.


മൂവാറ്റുപുഴയാർ പുഴയിൽ നിന്ന് ശുദ്ധീകരിച്ചെടുക്കുന്ന വെള്ളം കൊടിമറ്റത്തെ മല ടാങ്കിലെത്തിച്ച് അവിടെ നിന്നുമാണ് നാല് കിലോമീറ്ററോളം ചുറ്റളവിലായി വെള്ളം വിതരണം ചെയ്യുന്നത്.

ജനങ്ങൾ നിരവധി തവണ പരാതിപ്പെട്ടിട്ടും തകരാറുകൾ പരിഹരിക്കാൻ തയാറാകാത്തതിൽ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്.

ദൂര പ്രദേശങ്ങളിൽ നിന്നും വെങ്കിലും മറ്റുമാണ് കുടിവെള്ളം എത്തിക്കുന്നത്.

കുളിക്കുന്നതിനായി കിലോമീറ്ററുകൾ താണ്ടി പുഴയെ ആശ്രയിക്കുകയും ചെയ്യുന്നു.

പഞ്ചായത്ത് അധികൃതർ കുടിവെള്ളം വിതരണത്തിനുള്ള പകരം സംവിധാനം പോലും ഏർപ്പെടുത്തിയിട്ടില്ലെന്ന് നാട്ടുകാർ പരാതിപ്പെട്ടു.




▪ വിശ്വജ്യോതി എൻജിനീയറിങ് കോളജ് ആന്വൽ ആർട്സ് ഫെസ്റ്റ് 'ദൃശ്യ 2015' പ്രശസ്ത സംഗീതജ്ഞൻ ബാലഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു. കോളജ് മാനേജർ മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, കോളജ് പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ തുടങ്ങിയവർ സമീപം.

## ചികിത്സാ സഹായം കൈമാറി

## അംഗത്വകാർഡുകൾ